LIBRARY ARCHIVES Kerala Legislative Assembly

ഹോർട്ടികോർപ്പ് വഴി ജൈവ ഉൽപ്പന്നങ്ങൾ

106 (7403) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും ഹോർട്ടികോർപ്പ് വഴി വിപണനം ചെയ്യുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പച്ചക്കറികളാണ് ഏതൊക്കെ സ്ഥലങ്ങളിൽ വിപണനം നടത്തുന്നത് ;

(സി) എവിടെ നിന്നാണ് ഇവ സംഭരിക്കുന്നത് ;

(ഡി) ജൈവകൃഷിയിലൂടെയാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത് ;

(ഇ) ഇവയ്ക്ക് മറ്റുള്ളവയെക്കാൾ വിലവ്യത്യാസമുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ജൈവകൃഷി ചെയ്യുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ വാങ്ങുകയും അത് ഹോർട്ടികോർപ്പിന്റെ ഹരിതാ സ്റ്റാളുകളിൽ ജൈവ ഉല്പന്നങ്ങൾ എന്ന പേരിൽ വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) കാർഷിക സർവ്വകലാശാലയുടെ കരമനയുള്ള കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ജൈവ ഉല്പന്നങ്ങളായ വെണ്ട, പയർ തുടങ്ങിയവ സംഭരിച്ച് പഴവങ്ങാടിയിലുള്ള ഹരിതാസസ്യ സൂപ്പർ മാർക്കറ്റിലൂടെ വില്പന നടത്തിവരുന്നു. വി.എഫ്.പി.സി.കെ.യുടെ പാപ്പാൻചാനി കാർഷിക വിപണിയിൽ നിന്നും പയർ, പടവലം തുടങ്ങിയ ജൈവ ഉല്പന്നങ്ങളും നെടുമങ്ങാട് കാർഷിക മൊത്ത വ്യാപാര വിപണിയിൽ നിന്ന് പയർ, പൈനാപ്പിൾ തുടങ്ങിയ ജൈവ ഉല്പന്നങ്ങളും ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളായ പേട്ട, പാളയം, പഴവങ്ങാടി തുടങ്ങിയ സ്റ്റാളുകളിലൂടെ വില്പന നടത്തിവരുന്നു.

(ഡി) ജൈവ ഉല്പന്നങ്ങളാണ് എന്ന് ഉറപ്പുവരുത്താൻ കീടനാശിനികളുടെ അളവ് അനുവദനീയമായ അളവിലും കുറവാണെന്ന് വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ സാമ്പിളുകൾ പരിശോധിച്ച് തരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഹോർട്ടികോർപ്പ് ഇവ സംഭരിച്ച് വിപണനം നടത്തുന്നത്.

(ഇ) ഉണ്ട്. സാധാരണ ലഭിക്കുന്ന പച്ചക്കറികളിലെ വിലയിൽ നിന്ന് 10 മുതൽ 15% വരെ വില വർദ്ധനവ് ഉണ്ടായിരിക്കും.